# HYDEL BULLET

Issue - 4, Vol - 7, April 2019

A Monthly Publication of the Kerala State Electricity Board Engineers' Association


# MANAGEMENT CONTROL - Ensuring organisational Discipline

A well-defined organisational hierarchy is the basic requirement for the smooth, efficient and effective functioning of an Organisation. Management Control which includes the system of communication channel between human resources is of great relevance in the design of the official hierarchy. It defines the relationship between Human Resources in the organisation orienting their function towards the goal of the organisation. It ensures correct communication of data at appropriate level with well-defined responsibility and authority for clear action in the best interest of the organisation. Management Control is unavoidable for ensuring the accountability of actions and directions by the individual in various capacities in the hierarchy. Big organisations carefully design the Management Control philosophies which states the unambiguous and transparent design of this hierarchy and the associated systems of communications, controls and authorities. In case of Government and PSUs, same need to be extra transparent, definite and unambiguous to ensure smooth function as well as to withstand the scrutiny of the third agencies and public in every aspect of the functions.

Organisation Discipline and Control depends very much on the establishment of appropriate system of hierarchy. It ensures order and harmony in the organisation along with efficacy and effectiveness of various functions at different levels.

*Cont...page 4*




*In the meeting the following new office bearers were elected*

| | | |
|---|---|---|
| Chairman | : | **Er. C. Suresh Kumar** |
| Vice Chairman | : | **Er. Prasannakumar Y.V** |
| Secretary | : | **Er. Joby Mathai** |
| Treasurer | : | **Er. Sajith M.B** |
| CEC Members | : | **Er. Harikrishna A, Er. Reji F.N**<br>**Er. Lekha P, Er. Vishnu Prabhu V** |

## *Letters to the Editor*
**കത്തുകൾ അയക്കേണ്ട വിലാസം**

*Chief Editor, Hydel Bullet*
*KSEB Engineers' Association, Panavila*
*Thiruvananthapuram - 01, Phone : 0471 - 2330696*
*hydelbulletin@gmail.com* 9447577588

**മലയാളത്തിലുള്ള ലേഖനങ്ങൾ എഴുതി തയ്യാറാക്കിയോ,**
***PDF* ഫോർമാറ്റിലോ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.**

## KSEB Engineers' Association
### Office Bearers 2018 - 19

**ASSOCIATION**

**President**
Er. N.T. Job

**Vice-Presidents**
Er. C.P. George (S)
Er. P. Jaya Krishnan (N)

**General Secretary**
Er. Sunil K

**Treasurer**
Er. Santhosh E

**Organising Secretaries**
Er. Nishanth B (S)
Er. Shine Sebastian (N)

**Secretaries**
Er. M. Muhammad Rafi (HQ)
Er. Anilkumar G (S)
Er. Sajithkumar M (N)

**BENEVOLENT FUND**

**Chairman**
Er. Sajeev K

**Vice Chairman**
Er. Resmi P.S.

**Secretary**
Er. Mujeeb A.K.

**Treasurer**
Er. Pradeep S.V

**Joint Secretaries**
Er. Arun Kumar V.K (South)
Er. Varsha Mohan (North)

**EDITORIAL BOARD**

**Chief Editor**
Er. P. Muraly

**Associate Editors**
Er. Sreekumar. P.K
Er. Anoop Vijayan
Er. Sree Lakshmi.L
Er. Priyanka P.S.

**Ex. Officio Members**
Er. Sunil K
Er. Santhosh E


# HYDEL BULLET


(A Monthly Publication of the KSEB Engineers' Association)
Vol - 7 Issue - 4 April 2019


## Contents


- Editorial
- വൈദ്യുതി ബോർഡിന്റെ പണം ധൂർത്തടിക്കുവാൻ വിവിധ കമ്പനികളുണ്ടാക്കി വൈദ്യുതി നിയമത്തിന്റെ വക്കാലത്തുമായി നടക്കുന്നവർ
  *Er. എൻ.ടി. ജോബ്*
- വൈദ്യുതിയുടെ ഉപഭോഗവും ഊർജ സംരക്ഷണവും
  *Er. സി.പി. ജോർജ്*
- ലോപസന്ധി *(ചെറുകഥ)*
  *Er. ജോയ് എം.വി.*
- Current and future applications of HPTE insulated cables systems
  *Er. Dony C.S*
- You are the salt for all mankind
  *Er. Thomas Kolanjikombil*
- ആത്മവിശ്വാസം *(സുഭാഷിതം)*
  ***Er.** കെ. ശശിധരൻ*
- ആവിഷ്കാരം
  ***Er.** യു.എസ്. രവീന്ദ്രൻ*
- Stories that Inspire...
  *Amey Hegde*
- Letters by Association

The system of hierarchy and its enforcement is of paramount importance to KSEBL also. The organisation is responsible for construction, operation and maintenance of network in handling the electricity efficiently, effectively and safely to people in the state. For guidelines, we have mandatory CEA safety regulations, which specify a mandatory system of authorisation in assigning the works for construction, operation and maintenance of the networks and for handling the electricity, as the handling of electricity involves the safety and security of life and property of the people.

In KSEBL, the system of official hierarchy must be appropriately integrated with the mandatory safety standards for work authorisation. Any violation of the hierarchy aspects in the field may end up with serious consequences. Hence organisational discipline and authorisation of work in tune with the organisational hierarchy integrated with the CEA safety standards is the fundamental requirement in ensuring safety and avoiding electrical accidents while handling electricity.

KSEBL enforces the organisational hierarchy and discipline through the administrative and work controls by the relevant officers through the delegation of powers and other rules assigned. The controlling officers are supposed to have total responsibility and control over the activities of the HR under them during the working hours in the assigned place of work. More over the work and the assigned place of works of Human Resources under him is practically well defined, and it is assigned by the controlling officer himself or with the knowledge and permission of the senior officers. Strict compliance/enforcement of this fundamental principle of organisational hierarchy and discipline is the basic requirement for orienting the activities of the HR towards the goal of the organisation and for ensuring safety in works.

But we must state that the present state of affairs in KSEBL is only a shadow of the desirable systems in the organisational hierarchy and discipline. The political interference in the day to day affairs of the organisation through the supporting trade unions and associations have systematically damaged the existence of any proper official hierarchy in the organisation. The discipline among employees suffered great blow due to the overenthusiastic and politically motivated employee unions and associations. Processions, meetings and public campaign during the working hours have become routine for ensuring political mileage. The employees designated to work in construction, operation and maintenance of the assets and networks are deserting the assigned worksites for street dramas and processions by the political unions and associations keeping the controlling officers and engineers as mute spectators. The distribution networks which already strained due to the lack of proper maintenance and inordinate delay in adding new assets gets further strained due to the postponement of the maintenance works due to the diversion of field staffs for such politically motivated ventures and distraction of focus from the field issues. As such, the planned works related to the asset generation and O&M get affected and in turn end up in affecting the quality and reliability of electricity supplied to the consumers.

To add to the available woes, the Board Management itself has come out with so many schemes and programs like "Soura" and utilising the field staff for the schemes by diverting them to such works which in no way are related to the creation of distribution assets or the O&M of the existing assets. The over loading of the field staff with such works has been done without proper study or evaluation of the consequences.

The issue is not the schemes, but the way it is being implemented by the management. Any scheme needs to be designed with appropriate fund source, appropriate design in HR hierarchy, appropriate design for the channel of communication and system for work management and payments. Here the schemes are planned without proper vision and end up in misusing the distribution HR for the works which cannot be accounted in the ARR of the organisation. As such these arbitrary actions have end up in tampering the organisational hierarchy and discipline.

More over many of these schemes are a direct burden on the field staff, an extra job for them, assigned without even consulting the department heads or senior officers. There is no proper communication or system for its implementation. The controlling officers are unaware of the description of the jobs and its stake to the organisation. The HR under them are assigned with the extra job even without their knowledge and permission. The authorisation of the work for maintaining the supply become a job of lower priority than the extra job due to the political reasons or reasons known only to someone. Remote control centres are issuing instructions directly to the field staff without authority and accounta bility. This ends up at the field staff deserting the assigned responsibilities and bypassing the immediate control officers for such jobs with higher political priority!

No employee in the organisation is supposed to do any work which is not authorised or assigned by his controlling officer or as defined in the system. Such acts constitute a case for disciplinary action. Here the top management itself is instigating indiscipline and the poor controlling officers and senior officers are forced to remain mere spectators of the hidden agenda. As such, the entire system of the official hierarchy has been pulled down by the vested interests with the silent approval of the top management creating chaos in organisational discipline. If this continues in the organisation, the efficiency and effectiveness along with the safety in handling the electricity will hits its rock bottom, and future of the organisation will be in jeopardy.

Design of Management Control is a professional subject and ensuring appropriate design in an organisation should be of top priority to the Management for its efficient functioning. Engineers Association will support the Management if proper professional hierarchical design of the system is brought out in the organisation rather than tinkering with the current hierarchy for vested interests. We urge the management and government to realise the follies and start corrective action to restore appropriate Management Control with proper respect in official hierarchy thereby ensuring appropriate discipline in the organisational functions.

# തീജ്വാല



*Er.* **എൻ.ടി. ജോബ്**
എക്സിക്യൂട്ടീവ് എൻജിനീയർ

## വൈദ്യുതി ബോർഡിന്റെ പണം ധൂർത്തടിക്കുവാൻ വിവിധ കമ്പനികളുണ്ടാക്കി വൈദ്യുതി നിയമത്തിന്റെ വക്കാലത്തുമായി നടക്കുന്നവർ

**വൈ**ദ്യുതി നിയമം 2003 നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്ത് സംസ്ഥാനങ്ങളിൽ നടപ്പിലാക്കുവാൻ ശ്രമിച്ചപ്പോൾ കേരളത്തിലെ വൈദ്യുതി ബോർഡിലെ ജീവനക്കാരും എഞ്ചിനീയർമാരും ഓഫീസർമാരും അതിനെതിരെ അണിനിരന്നത് വൈദ്യുതി ബോർഡിനു കീഴിലുള്ള ബിസിനസ്സുകൾ വിവിധ കമ്പനികൾ രൂപീകരിച്ച് അതിലേക്കു മാറ്റുന്നതിനെതിരെയാണ്. കമ്പനി നിയമപ്രകാരമുള്ള വിവിധ കമ്പനികളാക്കി അതിലേക്കുമാറുന്ന ക്രമത്തിലായിരുന്നു വൈദ്യുതി നിയമം ലക്ഷ്യമിട്ടിരുന്നത്. അത് നടന്നില്ലെന്നത് ചരിത്രം.

എന്നാൽ ഇന്ന് നമ്മൾ കാണുന്നത് എന്താണ്. വൈദ്യുതി ബോർഡ് ചെയ്തു കൊണ്ടിരിക്കുന്ന വിവിധ ബിസിനസ്സ് മേഖലകൾ ഓരോ കമ്പനികൾക്കു കീഴിലേക്കു മാറ്റുന്നതിനായുള്ള നീക്കങ്ങൾ ചിലരുടെ വ്യക്തിതാല്പര്യങ്ങൾക്കുമാത്രമായി നടത്തികൊണ്ടിരിക്കുകയാണ്. സോളാർ മുതൽ ഐ.ടി. വരെയുള്ള വിവിധ കമ്പനികളുണ്ടാക്കി, അതിന്റെ ഡയറക്ടർമാരാവുക എന്ന ഒറ്റ ലക്ഷ്യം മാത്രമെ ഈ പിന്നാമ്പുറ ചാണക്യന്മാർക്ക് ഉള്ളു. ഇങ്ങിനെയുണ്ടാക്കുന്ന ഓരോ കമ്പനിയും സ്വകാര്യ കമ്പനികളായാണ് രജിസ്റ്റർ ചെയ്യുന്നതെന്നത് അത്ഭുതമുളവാക്കുന്നു.

കമ്പനികളോരോന്നിനും കോടി കണക്കിനു രൂപയുടെ മുതൽമുടക്ക് ആവശ്യം വരുമ്പോൾ അതെല്ലാം വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുത്ത് മുഴുവൻ ബാദ്ധ്യതയും വൈദ്യുതി ബോർഡിന്റെ തലയിൽ കെട്ടിവയ്ക്കുവാൻ ശ്രമിക്കുന്ന ഇത്തരക്കാരുടെ പ്രവർത്തനങ്ങളുടെ ലക്ഷ്യം ചോദ്യം ചെയ്യപ്പെടേണ്ടതാണ്.

റഗുലേറ്ററി കമ്മീഷന്റെ മുമ്പിൽ അവതരിപ്പിക്കുന്ന കണക്കുകൾ ശരിയാണെങ്കിൽ വൈദ്യുതി ബോർഡ് വലിയ നഷ്ടത്തിലാണ്. ആയിരത്തി അഞ്ഞുറു കോടി രൂപയുടെ നഷ്ടം ഓരോ വർഷവും ബോർഡ് നേരിടേണ്ടിവരുന്നുണ്ട്. ഇത്രയും നഷ്ടം സഹിക്കേണ്ടിവരുന്ന വൈദ്യുതി ബോർഡിന് പെൻഷൻ ഫണ്ടിലേക്ക് പണം നിക്ഷേപിക്കാനാവാതെ മിഴിച്ചു നിൽക്കുമ്പോഴാണ്, ഒരാവശ്യവുമില്ലാതെ വിവിധ കമ്പനികളുണ്ടാക്കി അതിനു വേണ്ടി കോടിക്കണക്കിനു രൂപ കടമായെടുക്കുവാൻ വാശി കാണിക്കുന്നത്.

ഇപ്പോൾ പുറത്തുവരുന്ന വാർത്തകൾ ശരിയാണെങ്കിൽ ആറുകമ്പനികളാണുണ്ടാക്കുവാൻ പോകുന്നത്. ഓരോ കമ്പനികളിലും അഞ്ചോ ആറോ ഡയറക്ടർമാരുടെ തസ്തികയുണ്ടാക്കി, കുറെപ്പേരെ അവിടെ കുടിയിരു

ത്താം. ഇങ്ങിനെയുണ്ടാക്കുന്ന കമ്പനികളുടെ ഓഹരികൾക്കുവേണ്ടി പണം മുടക്കുന്നത് വൈദ്യുതി ബോർഡാണെങ്കിലും അതിലെ ഡയറക്ടർമാരാക്കുന്നവർക്ക് യാതൊരു യോഗ്യതയും ആവശ്യമില്ല. വൈദ്യുതി ബോർഡ് എന്ന കമ്പനിയിലെ ഡയറക്ടർമാരാകണമെങ്കിൽ ചീഫ് എഞ്ചിനീയർ ആവണമെന്ന് അലിഖിതമായ മാനദണ്ഡമുള്ളപ്പോൾ, പുതുതായി രൂപീകരിക്കുന്ന കമ്പനികളുടെ ഡയറക്ടർമാരാവാൻ ഏതൊരാൾക്കും സാധിക്കും. അങ്ങിനെ ആവുന്നവരുടെ യോഗ്യതയൊന്ന് എല്ലാവരും മനസിലാക്കേണ്ടതാണ്.

വൈദ്യുതി ബോർഡിന്റെ കീഴിൽ ഫീൽഡിൽ ജോലി ചെയ്യാത്ത മാന്യന്മാരാണ് ഇത്തരം ഡയറക്ടർമാരാവാൻ ഏറ്റവും യോഗ്യന്മാർ. അവരാണ് ഫീൽഡിൽ ജോലി ചെയ്യുന്നവരുടെ ചെലവിൽ ഡയറക്ടർമാരായി വിലസുവാൻ പോകുന്നത്.

കമ്പനികളുണ്ടാക്കുന്നതിനെക്കുറിച്ച് മൊത്തത്തിൽ എതിർക്കുന്നവർ എന്തിനാണ് കമ്പനികളുടെ ഡയറക്ടർമാരാവാൻ പോകുന്നതിനെക്കുറിച്ച് പറയുന്നതെന്ന ചോദ്യം പലരും ഉന്നയിച്ചേക്കാം. ഈ കമ്പനികളുണ്ടാക്കുന്നത് ഇത്തരക്കാർക്ക് ഡയറക്ടർമാരാവാൻ മാത്രമായതുകൊണ്ടാണ് അതിനെക്കുറിച്ചു പറയുന്നത്.

ഏതുകമ്പനിയുണ്ടാക്കിയാലും കമ്പനിയുടെ അമ്പതുശതമാനം ഓഹരിയുടെയും പണം മുടക്കേണ്ടത് വൈദ്യുതി ബോർഡു തന്നെ. ആകെമൊത്തം ഓഹരിയുടെ അഞ്ചും ആറും ഇരട്ടിതുക കടമായെടുക്കുവാൻ ഇവരൊക്കെ ലക്ഷ്യംവെക്കുമ്പോൾ, ഇത്തരം കമ്പനികൾ വഴിയുണ്ടാക്കുവാൻ സാധിക്കുന്ന വരുമാ നത്തെക്കുറിച്ച് പറയേണ്ട ബാധ്യത ഈ ചാണക്യന്മാർക്കുണ്ട്. വൈദ്യുതി ബോർഡിന്റെ പണം ധൂർത്തടിക്കുവാനുള്ള കുറച്ചു പദ്ധതികളും പരിചയപ്പെടുന്നത് നന്നായിരിക്കും.

**നമ്മുടെ പുതിയ PMU**

താനാരാണെന്ന് തനിക്കറിയില്ലെങ്കിൽ താനെന്നോടു ചോദിക്ക്, അപ്പോൾ ഞാൻ പറയാം താനാരാണെന്ന്, അപ്പോൾ താനെന്നോടു ചോദിക്കണം ഞാനാരെന്ന് അപ്പോൾ ഞാൻ തന്നോടു പറയാം ഞാനാരെന്ന്. ഇങ്ങിനെ ഒരു വിങ്ങിനെ ഉണ്ടാക്കി വെച്ചിട്ടുണ്ട് എല്ലാ സർക്കിൾ ആഫീസുകളിലും. സർക്കിൾ ആഫീസുകളിലും ഡിവിഷൻ ആഫീസുകളിലും നല്ലപോലെ ജോലികൾ ചെയ്തിരുന്ന കുറെ തസ്തികകളെടുത്താണ് ഈ വിഭാഗം ഉണ്ടാക്കിയെടുത്തത്. ഈ വിങ്ങിലുള്ള ചിലരെങ്കിലും വിചാരിക്കുന്നത് അവരാണ് പടനായകരെന്നാണ്. എല്ലാ സെക്ഷൻ ആഫീസുകളും നിയന്ത്രിക്കേണ്ടത് ഇവരാണെന്ന ചിന്തയാണുള്ളത്. അതിനുവേണ്ടി ഒരുജാതി ഭരണമാണ് ഇത്തരക്കാര് കാഴ്ചവെക്കുന്നത്. എന്തായാലും ഒരുവിഭാഗമുണ്ടാക്കി കഴിഞ്ഞു. ഇനി അവരെ ഏല്പിക്കുവാനുള്ള ജോലികൾ കണ്ടുപിടിക്കണമെന്നതാണ് വെല്ലുവിളി.

ഇപ്രാവശ്യത്തെ ജനറൽ ട്രാൻസ്ഫർ ഉത്തരവുകൾ ഇറങ്ങുമ്പോൾ ഈ വിങ്ങിലെ കുറെ തസ്തികകളെങ്കിലും പോസ്റ്റിങ്ങ് സ്ട്രെങ്ത് പൂജ്യമാക്കി, ഇതിലെ കുറെ തസ്തികകൾ ഇല്ലാതാക്കും. ഒരു സർക്കിളിനു കീഴിൽ ഒരു തസ്തിക വേണ്ടെന്നു വെച്ചാൽ മൊത്തം ഇരുപത്തിനാലു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകൾ ഇല്ലാതാവും. അപ്പോൾ പി.എം.യു. എന്ന വിഭാഗം ഉണ്ടാക്കിയത്, 116 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളും 24 എക്സിക്യൂട്ടീവ് എഞ്ചിനിയർ തസ്തികകളും ഇല്ലാതാക്കുവാൻ വേണ്ടി മാത്രമാണെന്നു മനസിലാക്കുവാൻ കൂടുതൽ പഠനമൊന്നും ആവശ്യമില്ല.

**ഒരു സോഫ്റ്റ്‌വെയർ കമ്പിനി, ചിലരുടെ സ്വപ്നമാണ്**

ഒരു ഐ.ടി. കമ്പനിയുടെ എം.ഡി യാകുക എന്നത് ചിലരുടെ സ്വപ്നമാണ്. നിലവിലുള്ള ഐ.ടി കമ്പനികളിൽ പോയി നമ്മുടെ കഴിവ് വെച്ച് ജോലിക്കുകയറുവാൻ സാധിച്ചെന്നു വരില്ല. അപ്പോൾ പിന്നെ മോഹം നടപ്പിലാക്കുവാൻ എന്താ ചെയ്യുക. സ്വന്തമായി ഒരു കമ്പനി തുടങ്ങുവാൻ പറ്റില്ല. പിന്നെ ആകെയുള്ള വഴി കെ.എസ്.ഇ.ബി.യെകൊണ്ട് ഒരു കമ്പനി തുടങ്ങി അതിന്റെ ഡയറക്ടറോ പറ്റിയാൽ എം.ഡി.യെങ്കിലും ആവണം. വൈദ്യുതി ബോർഡിന്റെ വക ഒരു ഐ.ടി. കമ്പനിയുടെ പേരു കേൾക്കുവാൻ അധികം താമസമില്ല.

**സിവിൽ കൺസ്ട്രക്ഷൻ കമ്പനി**

വൈദ്യുതി ബോർഡിൽ നിന്നും കുറെ സിവിൽ എഞ്ചിനീയർമാരെ പുറത്തു കടത്തുവാൻ എന്താണു വഴിയെന്നു കുറച്ചുപേരുടെ തലയിൽ ചിന്തിച്ചു തുടങ്ങിയിട്ട് കാലം കുറച്ചായി. ചാണക്യന്മാരുടെ തലയിൽ ബുദ്ധിയുദിച്ചു. ഒരു കമ്പനിയുണ്ടാക്കിയാൽ കുറെ സിവിൽ എഞ്ചിനീയർമാരെ അങ്ങോട്ടു ഡെപ്യൂട്ടേഷൻ എന്ന പേരിൽ വിടുകയും ചെയ്യാം. നേതാക്കളിൽ ചിലർക്ക് ആ കമ്പനിയുടെ ഡയറക്ടർമാരായി വിലസുകയും ചെയ്യാം. നിലവിൽ കൺസൾട്ടൻസി പ്രവർത്തനങ്ങൾക്കായി ഒരു വിഭാഗം ബോർഡിൽ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം ഇല്ലാത്തവരല്ല കമ്പനി തുടങ്ങുവാൻ മുറവിളി കൂട്ടുന്നത്. കമ്പനി തുടങ്ങിയാൽ അവിടെയുള്ളവർക്കെല്ലാം ശമ്പളം വൈദ്യുതിബോർഡിൽ നിന്നും കൊടുക്കുകയും ചെയ്യാം, എന്തെങ്കിലും വരുമാനമുണ്ടായാൽ അതെല്ലാം ഇഷ്ടംപോലെ വാരിക്കോരി ചെലവാക്കുകയും ചെയ്യാം. ആരോടും കണക്കുകൾ ബോധിപ്പിക്കേണ്ട കാര്യവുമില്ലല്ലോ. പാർട്ടികളുടെയും പ്രസ്ഥാനങ്ങളുടെയും സിവിൽ കൺസ്ട്രക്ഷനുകൾ ഈ കമ്പനിയെ ഏല്പിക്കാം. വളരെ ലളിതമായി ചെലവില്ലാതെ നിർമ്മിച്ചുകിട്ടുകയും ചെയ്യും. വൈദ്യുതി ബോർഡിലെ കൺസൾട്ടൻസി വിഭാഗത്തെകൊണ്ടു ചെയ്യിച്ചാൽ അതിനു കൃത്യമായകണക്കുകൾ ബോധിപ്പിക്കേണ്ടി വരും, ഒരു പുതിയ കമ്പനി തുടങ്ങിയാൽ അതിന്റെ ഓഹരി മൂലധനം വൈദ്യുതി ബോർഡ് മുടക്കിക്കോളും. കെട്ടിട സമുച്ചയങ്ങൾ പണിയുവാൻ വേണ്ടതായ കടമെടുപ്പ് വൈദ്യുതി ബോർഡിന്റെ ഗ്യാരണ്ടിയിൽ കിഫ്ബിയെപ്പോലുള്ള ധനകാര്യ സ്ഥാപനങ്ങൾ കൊടുക്കുവാൻ തയ്യാറായി നിൽക്കുകയുമാണ്.

കെ.എസ്.ആർ.ടി.സി. ഇതുപോലുള്ള ഷോപ്പിംഗ് കോപ്ലക്സുകൾ പണിതു കുത്തുപാളയെടുത്തത് നമുക്കെല്ലാം അറിയാവുന്ന കാര്യമാണ്. അതിനായി കടംകൊടുത്ത ധനകാര്യസ്ഥാപനം തടിച്ചുകൊഴുത്തപ്പോൾ കെ.എസ്.ആർ.ടി.സി മെലിഞ്ഞ്, മെലിഞ്ഞ് ശമ്പളംപോലും നൽകുവാൻ പറ്റാത്ത അവസ്ഥയായത് നമ്മുടെ മുന്നിലെ യാഥാർത്ഥ്യം.

**കറണ്ടിലോടുന്ന വണ്ടി കമ്പനി**

പെട്ടെന്നാണ് ഒരു കാർ വന്നു മുന്നിൽ നിന്നത്, അതിൽ നിന്നിറങ്ങിയ ഡ്രൈവറാണ് പറഞ്ഞത് വണ്ടി കറണ്ടിലാണ് ഓടുന്നത് എന്നത്. ബാറ്ററി ഒരു പ്രാവശ്യം ചാർജ് ചെയ്താൽ നൂറു കിലോമീറ്റർവരെ ഓടുവാൻ പറ്റും. പരിസ്ഥിതി മലിനീകരണമില്ല. വൻ ബിസിനസ് സാധ്യതയാണ് മുന്നിൽ വന്നു വീണിരിക്കുന്നത്. സർക്കാർ സടകുടഞ്ഞെഴുന്നേറ്റ് ഗതാഗത വകുപ്പുമായി സഹകരിച്ച് ഒരു പദ്ധതിക്കു വേഗം രൂപം നൽകി. കേരളത്തിലെ റോഡുകളിൽ ഇനി മുതൽ പുകയില്ലാത്ത അടുപ്പുപോലെ പുകയില്ലാത്ത വണ്ടികൾ നിറഞ്ഞോടണം. വഴിനീളെ ചാർജിംഗ്

സ്റ്റേഷനുകൾ; വരി വരിയായി വണ്ടികളും. ജനത്തിന്കണ്ടറിയുന്നതിനുവേണ്ടി ഇലക്ട്രിക് കാറുകളും വാങ്ങി. അതിപ്പോൾ തെക്ക് വടക്കോടുന്നുണ്ടോ, കിഴക്കു പടിഞ്ഞാറു ഓടുന്നുണ്ടോ എന്നറിയില്ല.

എന്തായാലും കച്ചവടം പൊടിപൊടി ക്കുന്നുണ്ടെന്നു കണ്ടപ്പോൾ ചിലർക്ക് ഒരു മോഹം, ഇത് ഇങ്ങിനെപോയാൽ പറ്റില്ല, ഇപ്പോൾ ഇത് കൈകാര്യം ചെയ്യുന്നവർ ഒട്ടും പോര, ഇപ്പോൾ അതിനായി ഓടിനടന്നവരെ തട്ടിമാറ്റി കുറെ പുതിയ അവതാരങ്ങൾ കറണ്ടിലോടുന്ന വണ്ടിക്ക് ഒരു കമ്പനിയു ണ്ടാക്കി അതിന്റെ ഡയറക്ടർമാരാവാൻ കച്ചകെട്ടിയിറങ്ങിയിരിക്കുകയാണ്. മണ്ണുംചാരി നിന്നവൻ പെണ്ണിനെയും കൊണ്ട് പോയെന്നു കേട്ടിട്ടെ ഉള്ളുവെങ്കിലും കറണ്ടു വണ്ടിയുടെ കാര്യത്തിൽ കാണുവാൻ പോകുകയാണ്.

വൈദ്യുതി ബോർഡിനെകൊണ്ട് കുറെ കമ്പനികൾ തട്ടിക്കൂട്ടിയുണ്ടാക്കി അതിന്റെയൊക്കെ ഡയറക്ടർമാരായി വിലസുവാൻ ഒരു കൂട്ടം നേതാക്കന്മാർ കുപ്പായവും തയ്ച്ചു വെച്ചിട്ടുണ്ട്. അതെല്ലാം ബോർഡിന്റെ നന്മയ്ക്കു വേണ്ടിയാണെന്നു കൊട്ടിഘോഷിക്കുവാൻ കുറെ ആൾക്കാരെ ചട്ടം കെട്ടി വിട്ടിട്ടും ഉണ്ട്. വൈദ്യുതി ബോർഡിന്റെ ശമ്പളം വാങ്ങി ജോലി ചെയ്യു മ്പോൾ നമ്മൾ ചെയ്യുന്ന നടപടികൾകൊണ്ട് വൈദ്യുതി ബോർഡിന് എന്ത് ഗുണം എന്ന് രണ്ടുവട്ടം ചിന്തിച്ചു നോക്കിയിട്ടു വേണം രംഗത്തിറങ്ങുവാൻ.

കുറെ ഡയറക്ടർമാരെ സൃഷ്ടിക്കു വാനും വൈദ്യുതി ബോർഡിന്റെ പേരിൽ കുറെ കോടികൾ കടമെടുത്ത് വാരിക്കോരി ചെലവാക്കി ഒരു വരുമാനവും വൈദ്യുതി ബോർഡിനു വേണ്ടി ഉണ്ടാക്കാതെയുള്ള ഇത്തരം കമ്പനികളെകുറിച്ച് കൃത്യമായ രൂപ രേഖകളും വരവു ചെലവുകളും പരസ്യപ്പെടു ത്തി മാത്രമെ പണം മുടക്കുവാൻ പാടുള്ളു. വൈദ്യുതി ബോർഡിന്റെ പണമെന്നാൽ ജനങ്ങളുടെ സ്വത്താണ്; അതെടുത്ത് കടലിൽ കായം കലക്കുന്നതുപോലെ കലക്കികളയു വാൻ ആരാണ് ഇവർക്കൊക്കെ അധികാരം നൽകിയിരിക്കുന്നതെന്നത് അത്ഭുതപ്പെടു ത്തുന്നു. ഇതെന്താ വെള്ളരിക്കാപ്പട്ടണവും മുറിമൂക്കന്മാരുടെ രാജഭരണവുമോ ?

✵

# WEBINAR



KSEBEA CEEBA is planning to conduct series of technical talks with the intention to refresh its members and Engineers on relevant subjects. The mode of delivery will be as webinars, recorded classes and contact classes. First of its kind is in webinar mode. We are bringing experts in the area as resource persons. Expecting your whole hearted support.

## വൈദ്യുതിയുടെ ഉപഭോഗവും ഊർജ സംരക്ഷണവും:

# ഇരിക്കുന്ന കൊമ്പു മുറിക്കുന്നത് യുക്തമോ...?



Er. സി.പി. ജോർജ്
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

എല്ലാവർഷവും വേനലുകൾ കഠിനമാകുമ്പോൾ വൈദ്യുതി ഉപഭോഗം കൂടുക എന്നത് വളരെ സാധാരണമാണ്. എന്നാൽ വൈദ്യുതോപഭോഗം കൂടുമ്പോൾ കേരളത്തിലെ വൈദ്യുതിയുടെ ഏകദേശം 99 ശതമാനവും കൈകാര്യം ചെയ്യുകയും വിൽക്കുകയും ചെയ്യുന്ന, നിയമപരമായി കച്ചവടസ്ഥാപനമായി പ്രവർത്തിക്കേണ്ടുന്ന KSEBL എന്ന സ്ഥാപനം വൈദ്യുതിയുടെ ഉപഭോഗത്തെ നിയന്ത്രിക്കാൻ ആവശ്യപ്പെടുന്ന പ്രസ്താവനകളും പരസ്യങ്ങളുമായി മുന്നോട്ടുവരുന്നതു കാണുന്നത് തികച്ചും തെറ്റിദ്ധാരണാജനകവും വൈരുദ്ധ്യാത്മകവുമാണ് എന്നു പറയാതെ വയ്യ. ഊർജസംരക്ഷണത്തെ സംബന്ധിച്ച കാലാനുസൃതമല്ലാത്ത ഇങ്ങനെയുള്ള കാഴ്ചപാടുകൾ സ്ഥാപനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കും നല്ല ഭാവിക്കും ഒട്ടും സഹായകമല്ല എന്നതു വസ്തുതയാണ്. ഈ സാഹചര്യത്തിൽ ഊർജസംരക്ഷണത്തെ സംബന്ധിച്ച ശരിയായ കാഴ്ചപ്പാടുകൾ എന്ത് എന്നതും KSEBL എന്ന സ്ഥാപനത്തിൽ ഇത് എങ്ങനെ നടപ്പാക്കപ്പെടേണ്ടതാണ് എന്നും അറിയുന്നതിന് വളരെ പ്രാധാന്യമുണ്ട്.

മനുഷ്യൻ ഉപയോഗിക്കുന്ന ഉപഭോഗ വസ്തുക്കൾ എല്ലാം തന്നെ നേരിട്ടോ അല്ലാതെയോ ഊർജ്ജത്തിന്റെ ഉൽപന്നമാണ്. അതുകൊണ്ടു തന്നെ ഒരു വ്യക്തി എന്ന നിലയിൽ ഊർജം മാത്രമല്ല, ഭക്ഷണം,വസ്ത്രം ഉൾപ്പെടെയുള്ള എല്ലാ ഉപഭോഗവസ്തുക്കളും കരുതലോടെ ഉപയോഗിക്കാൻ എല്ലാ മനുഷ്യരും ബാദ്ധ്യസ്ഥരാണ്. ഊർജസംരക്ഷണമെന്നത് എല്ലാ ഉപഭോഗവസ്തുക്കളുടെയും സേവനങ്ങടെയും കരുതലോടെയുള്ള ഉപയോഗമാണ് എന്നതാണ് വാസ്തവം. അതായത് ധാരാളിത്വവും ദുർവ്യയവും നഷ്ടവും ഒഴിവാക്കി എല്ലാ വസ്തുക്കളുടെയും ആവശ്യാനുസരണമുള്ള കാര്യക്ഷമമായ ഉപയോഗം.

ഇന്നത്തെ ലോകത്ത് ഊർജത്തിന്റെ ഉപയോഗം ഒരു സമൂഹത്തിന്റെയും അതിലെ വ്യക്തികളുടെയും ജീവിത നിലവാരത്തിന്റെ സൂചികയായാണ് കണക്കാക്കപ്പെടുന്നത്. വ്യക്തികളുടെ ശരാശരി ആയുർദൈർഘ്യം പോലും ഊർജ ഉപഭോഗത്തിന്റെ നിരക്കുമായി ബന്ധപ്പെട്ടുത്താവുന്നതാണ്. ഊർജ ഉപഭോഗത്തിൽ അനാവശ്യമായ പരിമിതികൾ നിർദേശിക്കുന്നത് വ്യക്തിയുടെയും സമൂഹത്തിന്റെയും കാര്യക്ഷമതയെ ബാധിക്കാവുന്നതും അതു വിപരീത ഫലങ്ങൾക്ക് കാരണമായേക്കാവുന്നതും ആണ്. അതുപോലെ ഒരു വ്യക്തിയുടെയോ സമൂഹത്തിന്റെയോ പ്രവർത്തന മണ്ഡലത്തിൽ ഊർജത്തിന്റെ ആവശ്യകതയും ധാരാളിത്വവും തമ്മിൽ വേണ്ട അതിർ വരമ്പ് മറ്റൊരു വ്യക്തിയോ ഭരണകൂടമോ നിശ്ചയിക്കുന്നത് ഒരു ജനാധിപത്യ സംവിധാനത്തിൽ പ്രായോഗികവുമല്ല.

ഇനി വൈദ്യുതിയുടെ കാര്യത്തിലേക്കു വന്നാൽ, മറ്റേതൊരു ഊർജത്തേക്കാൾ കാര്യക്ഷമമായി ഉപയോഗിക്കാവുന്നതും പരിസ്ഥിതിക്ക് ഏറ്റവും കുറച്ച് ആഘാതം ഉണ്ടാക്കുന്നതും വൈദ്യുത ഊർജമാണെന്നുള്ളത് ഒരു വസ്തുതയാണ്. അതിന്റെ

ഉപഭോഗം കുറയ്ക്കാൻ ആവശ്യപ്പെടുമ്പോൾ ജീവിത നിലവാരവും പ്രവർത്തന മണ്ഡല ങ്ങളും നിലനിർത്താൻ സമൂഹവും വ്യക്തിയും മറ്റ് ഊർജ ശ്രോതസ്സുകൾ ആശ്രയിക്കേണ്ടി വരുകയും അവ സമൂഹത്തിനും പ്രകൃതിക്കും ഉണ്ടാക്കുന്ന തിക്തഫലങ്ങൾ കണക്കാക്കു കയും ചെയ്യേണ്ടത് ആവശ്യമാണ്.

വൈദ്യുത ഊർജ്ജത്തിനു പകരം കാര്യ ക്ഷമതയില്ലാത്ത മറ്റ് ഊർജങ്ങൾ ഉപയോഗി ക്കപ്പെടുന്ന സാഹചര്യം അഭികാമ്യമാണോ എന്ന് വിലയിരുത്തേണ്ടതാണ്. പ്രത്യേകിച്ചും റിന്യുവബിൾ ഊർജം വഴിയുള്ള വൈദ്യുതി യുടെ ഉൽപാദനം ഗണ്യമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ.....!

ചുരുക്കി പറഞ്ഞാൽ സമൂഹത്തിലെ ദുർബല വിഭാഗത്തിൽപെട്ടവർ ഒഴിച്ചുള്ളവർ വൈദ്യുതി ഉൾപടെയുള്ള ഊർജം ഉപയോഗി ക്കുമ്പോൾ അവരിൽ നിന്നും അതിന്റെ ശരിയായ വില (പരിസ്ഥിതി ആഘാതത്തിന്റെ നഷ്ടം ഉൾപ്പെടെ) ഈടാക്കാനുള്ള നടപടി കളാണ് കരണീയമായിട്ടുള്ളത്.

ഉപഭോക്താവിന് ആവശ്യത്തിന് വൈദ്യുതി കാര്യക്ഷമമായി എത്തിച്ചു കൊടു ക്കുകയാണ് KSEBL ന്റെ ജോലി. അതിനുള്ള കാര്യപ്രാപ്തിയില്ലായ്മയിൽ നിന്നും രക്ഷ പെടാനുള്ള ഒരു കുറുക്കുവഴിയായേ ഇങ്ങനെ യുള്ള പ്രചരണങ്ങളെ കാണാനാവൂ എന്നതാ ണ് വാസ്തവം.

രാജ്യത്തിന്റെയും നാടിന്റെയും നന്മ യാണ് ഉദ്ദേശിക്കുന്നതെങ്കിൽ ആദ്യം 80% ഇറക്കുമതി ചെയ്യപ്പെടുന്ന പെട്രോളിയം ഉൽപന്നങ്ങളുടെ ഉപഭോഗമാണ് കുറയ്ക്കേ ണ്ടത്.മാത്രവുമല്ല പെട്രോളിയം ഉൽപന്നങ്ങ ളും അതുപയോഗിച്ച് ഓടുന്ന വാഹനങ്ങളും ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രത്യാഘാത ങ്ങൾ വൈദ്യുതി നേരിട്ട് ഉണ്ടാക്കുന്നുമില്ല.

എന്നാൽ പെട്രോൾ പമ്പുകൾ അടക്ക മുള്ള പെട്രോളിയം ഉൽപന്ന വിൽപന കേന്ദ്ര ങ്ങൾ കൂടുതൽ വിപുലമായും കാര്യക്ഷമമായും പ്രവർത്തിപ്പിക്കാൻ ഗവൺമെന്റുകൾ നടപടി യെടുക്കുന്നതിന്റെ കാരണം അന്വേഷിക്കു ന്നത് നന്നായിരിക്കും.

ഇനി KSEBL ന്റെ പ്രവർത്തനത്തിലേക്കു വരാം.

വൈദ്യുതി ഏറ്റവും കാര്യക്ഷമമായി ഉപഭോക്താവിൽ എത്തിക്കുകയാണ് KSEBL ന്റെ കടമ. ഇത് എങ്ങനെയാണ് കാര്യക്ഷമ മാകുന്നത് ?

ഒരേ മുടക്കുമുതലിൽ KSEBLകൂടുതൽ വൈദ്യുതി കൈകാര്യം ചെയ്യുമ്പോൾ ആണ് കൂടുതൽ കാര്യക്ഷമമാകുന്നത് എന്നത് നിസ്സംശയം പറയാവുന്നതാണ്.

അതായത് ഒരു യൂണിറ്റ് വൈദ്യുതി കൈകാര്യം ചെയ്ത് ഉപഭോക്താവിൽ ഏറ്റവും കുറഞ്ഞ ചെലവിൽ എത്തിക്കുക.

അതായത് ഏറ്റവും കുറച്ച് പ്രസരണ- വിതരണ നഷ്ടം ഉറപ്പാക്കുക.

ഏറ്റവും കുറഞ്ഞ ചെലവിൽ ഉൽപാദനം/ വൈദ്യുതി വാങ്ങൽ നടപ്പാക്കുക.....

ജീവനക്കാരുടെ കാര്യക്ഷമത ഉറപ്പാക്കി ഏറ്റവും കുറഞ്ഞ ജോലിച്ചെലവിൽ വൈദ്യുതി ഉപഭോക്താവിൽ എത്തിക്കുക.

നിലവിലെ പ്രതിഷ്ഠാപനങ്ങളെ കാര്യ ക്ഷമമായി ഉപയോഗിക്കുകയും അതിന്റെ ശേഷിയനുസരിച്ച് ഏറ്റവും കൂടുതൽ വൈദ്യു തിയുടെ പ്രസരണവും വിതരണവും വിൽപന യും നടപ്പിലാക്കുകയും ചെയ്യുക.

ഇതെല്ലാം അനുകൂലമായി നടക്കുന്നത് വൈദ്യുത ഉപഭോഗം കൂടുതൽ ഉണ്ടാകു മ്പോഴാണ് എന്നത് സമാന്യ ബോധമുള്ള ആരെയും പറഞ്ഞു മനസ്സിലാക്കേണ്ടതില്ല ! എന്നാൽ കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കുവാനും അതുവഴി സ്ഥാപനത്തിന് മെച്ചപ്പെട്ട സാമ്പത്തിക ഭദ്രത കൈവരിക്കാനും ഉണ്ടാകുന്ന അനുകൂല സാഹചര്യങ്ങൾ

ചെറുകഥ

# ലോപസന്ധി

*Er. ജോയ് എം.വി.*

**അ**ങ്ങനെ മകൾക്ക് ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളജിൽ ഡിഗ്രിക്കു ചേരുവാനായി അഡ്മിഷൻ കാർഡ് ലഭിച്ചു. ഒരു ദിവസത്തെ ലീവെടുത്ത് മകളെയും കൂട്ടി അഡ്മിഷൻ വാങ്ങാനായി കോളേജിൽചെന്നു. അഡ്മിഷൻ നടപടികളെല്ലാം എളുപ്പത്തിൽ പൂർത്തിയായിട്ടു കോളേജിൽ നിന്നും മടങ്ങി.

ഇരിങ്ങാലക്കുട ഠാണാ ബസ്സ്റ്റോപ്പിലെത്തിയപ്പോൾ തൃശ്ശൂർക്ക് പോകാൻ റെഡിയായി ചില്ലുകൊട്ടാരം പോലെ ഭംഗിയുള്ള ഒരു ബസ്സു കണ്ടു. വീട്ടിലേക്ക് അതിഥികളെ ക്ഷണിക്കുന്ന പോലെ കണ്ടക്ടർ ഞങ്ങളെ ബസ്സിലേക്ക് ക്ഷണിച്ചു. ബസ്സിൽ മൂന്നുനാലു സീറ്റുകളേ ഒഴിവുണ്ടായിരുന്നുള്ളു എനിക്കും മകൾക്കും ബസ്സിൽ സീറ്റു കിട്ടി. അല്പം കഴിഞ്ഞപ്പോൾ രണ്ടോ മൂന്നോ പേർ ബസ്സിൽ കയറി അവർക്കും സീറ്റുകിട്ടി. പിന്നെ കയറിയ നാലഞ്ചുപേർ സ്റ്റാന്റിംഗ് കമ്മിറ്റിയായി.

അല്പംകൂടെ കഴിഞ്ഞപ്പോൾ കൊടുങ്ങല്ലൂരിൽ നിന്നും തൃശ്ശൂർക്ക് പോകുന്ന ഒരു ലിമിറ്റഡ് സ്റ്റോപ്പ് ബസ്സിന്റെ വരവു കണ്ടു. ഉടനെ എന്റെ ബസ്സിന്റെ കണ്ടക്ടർ ബസ്സ് വിടുവാനുള്ള കുട്ടമണിയടിച്ചു. ലിമിറ്റഡ് സ്റ്റോപ്പ് ബസ്സിന്റെ സമയം കവർന്നു കൊണ്ടായിരുന്നു എന്റെ ബസ്സിന്റെ നിൽപ്പ്.

ഠാണാബസ്സ്റ്റോപ്പിൽ ആളിറങ്ങിയശേഷം ലിമിറ്റഡ് സ്റ്റോപ്പ് ബസ്സ് ഉടനെ യാത്ര തുടർന്നു. പിന്നീട് എന്റെ ബസ്സും ലിമിറ്റഡ് സ്റ്റോപ്പ് ബസ്സും മത്സര ഓട്ടമായിരുന്നു. നിൽക്കുന്ന യാത്രക്കാർ ഒരു കൈ മെയിൻ ബസ് ബാറിലും മറ്റേ

---

ക്കെതിരെ പ്രചരണം നടത്തുന്നത് എത്രമാത്രം വിഢിത്തമെന്നത് ഓരോ ജീവനക്കാരനും മനസ്സിലാക്കേണ്ടത് ആവശ്യമാണ്.

സ്ഥാപനം കാര്യക്ഷമമായി പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാകുമ്പോൾ അതുശരിയല്ല എന്നു പറയുന്ന ചിന്ത എത്രമാത്രം വിഢിത്തമാണ് എന്നത് ആരും പറയാതെ തന്നെ സാമാന്യബോധമുള്ളവർക്കു മനസ്സിലാകേണ്ടതുമാണ്.

കൂടുതൽ വൈദ്യുതി വിൽക്കുന്നത് :

നിലവിലെ ആസ്തി മാത്രം ഉപയോഗിച്ചാണ് ....!

നിലവിലെ ജീവനക്കാരെ മാത്രം ഉപയോഗിച്ചാണ് .....!

നിലവിലെ സൗകര്യങ്ങൾ മാത്രം ഉപയോഗിച്ചാണ് .......!

കൂടാതെ നിലവിലെ താരിഫ് സംവിധാനത്തിൽ ഉപഭോഗം കൂടുമ്പോൾ സബ്സിഡിയുടെ അളവ് കുറയുകയും വാണിജ്യപരമായി സ്ഥാപനം കൂടുതൽ മെച്ചപ്പെടാനുള്ള സാദ്ധ്യതകൾ ഉണ്ടാകുകയും ചെയ്യുന്നു. പലരും ടെലസ്കോപ്പിക് താരിഫിന്റെ പരിധിക്ക് മുകളിലാകുന്നതും ധനപരമായി സ്ഥാപനത്തെ മെച്ചപ്പെടുത്തുന്നതാണ്.

എന്നാൽ സ്വന്തം ഉൽപന്നത്തിന്റെ ആവശ്യകത കൂടുമ്പോൾ അതിനെതിരെ പ്രവർത്തിക്കുന്ന മനസ്ഥിതി എങ്ങനെയാണ് ഒരു സ്ഥാപനത്തിനും ആ സ്ഥാപനത്തിലെ ജീവനക്കാർക്കും ഉണ്ടാകുന്നത് എന്നത് ആലോചിച്ചിട്ട് അത്ഭുതം തോന്നുന്നു....!

കൈ സീറ്റിനു മുകളിലുള്ള സബ് ബസ് ബാറിലും പിടിച്ചു നിന്നു. ബസ്സിനുള്ളിൽ പാട്ടുപെട്ടിയും നല്ല ഉച്ചത്തിൽ പ്രവർത്തി ച്ചിരുന്നു. രണ്ടു ബസ്സുകളും നല്ല വേഗത്തിലു മായിരുന്നു. ചില സ്റ്റോപ്പുകളിൽ ആളിറങ്ങാ നായി ബസ്സു നിറുത്തിയാൽ മറ്റേ ബസ്സ് ഈ ബസ്സിനെ ഓവർടേക്ക് ചെയ്യുന്നു; തിരിച്ചും റോഡിന് മതിയായ വീതിയില്ലാത്തതിനാൽ കടലാസുകനത്തിലാണ് ബസ്സുകൾ ഓവർ ടേക്ക് ചെയ്തുകൊണ്ടിരുന്നത്. സീറ്റിലിരി ക്കുന്ന യാത്രക്കാരെല്ലാം മുൻ സീറ്റിലെ സബ് ബസ് ബാറിൽ മുറുകെ പിടിച്ചുകൊണ്ടിരുന്നു.

നിൽക്കുന്ന യാത്രക്കാരെല്ലാം ഒരേ രീതിയിലും ഇരിക്കുന്ന യാത്രക്കാരെല്ലാം മറ്റൊരേ രീതിയിലും സംഘ നൃത്തം ചെയ്തുകൊണ്ടിരുന്നു. അതിനൊത്ത ചടുലമായ പാട്ടും ബസ്സിൽ ഒരുക്കിയിരുന്നു. തോളുകളെല്ലാം ഒരുമിച്ച് ഒന്നുകിൽ വലത്തോട്ട് അല്ലെങ്കിൽ ഇടത്തോട്ട് അല്ലെങ്കിൽ മുന്നോട്ട് വെട്ടിച്ചു കൊണ്ടായിരുന്നു നൃത്തം.

'മാപ്രാണണ്ടോ, മാപ്രാണണ്ടോ, മാ പ്രാണണ്ടോ' കണ്ടക്ടർ മൂന്നുവട്ടം വിളിച്ചു ചൊല്ലി. മാപ്രാണം എന്ന അടുത്ത് വരുന്ന സ്റ്റോപ്പിൽ ആളിറങ്ങാനുണ്ടോ എന്നാണ് കണ്ടക്ടർ ചോദിച്ചതെന്ന് ഞങ്ങൾക്കൊക്കെ മനസ്സിലായി. പലവാക്കുകളും യോജിപ്പിച്ച പ്പോൾ 'ം എന്ന സ്ഥലത്ത് ആളിറങ്ങാനു' എന്ന ഭാഗം ലോപിച്ചു പോയതാണ്. അതല്ലെങ്കിലും കുറവു വാക്കുകൾ കൊണ്ട് ആശയങ്ങൾ കൈമാറുന്നതാണ് തൃശ്ശൂർക്കാരുടെ ഒരു രീതി. എന്തൂട്ടറാ എന്നുപറഞ്ഞാൽ എന്ത് കൂട്ടമാണ് എടാ എന്ന് തൃശ്ശൂർകാർക്ക് അറിയാം. ചില അക്ഷരങ്ങൾ ലോപിക്കുന്നതും ചില അക്ഷര ങ്ങൾ കൂട്ടിച്ചേരുകയും ചെയ്യുന്ന ഈ പ്രത്യേക സന്ധി തൃശ്ശൂർകാർക്ക് സ്വന്തമാണ്. ബസ്സുകാ രുടെ ഭാഷയിൽ മൂന്നു പ്രാവശ്യം ആവർത്തി ച്ചാലേ ഒരു വാക്കു പൂർത്തിയാകൂ.

ഒരു കളരിയഭ്യാസിയുടെ മെയ് വഴക്ക ത്തോടെ ബസ്സുകൾ രണ്ടും ചീറിപ്പാഞ്ഞു കൊണ്ടിരിക്കുന്നു. ഇടതുമാറി – ഞെരിഞ്ഞ മർന്ന് വലതുമാറി – പറന്നുവെട്ടി വലതുമാറി യാത്ര തുടർന്നു. കരുവന്തൂർ വലിയ പാലം സ്റ്റോപ്പ് എത്താറായപ്പോൾ വലിയ പാലം എന്ന അടുത്തസ്റ്റോപ്പിൽ ആളിറങ്ങാനുണ്ടോ എന്നു ചുരുക്കത്തിൽ കണ്ടക്ടർ മൂന്നു പ്രാവശ്യം വിളിച്ചു ചൊല്ലി. 'വലിയ പാലണ്ടോ, വലിയ പാലണ്ടോ, വലിയപാലണ്ടോ'. സ്റ്റോപ്പിൽ ആളെയിറക്കി കയറാനുള്ളവരെയൊക്കെ ബസ്സിൽ കയറ്റി യാത്ര തുടർന്നു.

മഹാഭാരത യുദ്ധത്തിൽ അർജുനനു ശ്രീകൃഷ്ണൻ ഉപദേശങ്ങൾ നല്കിയതു പോലെ മത്സരതന്ത്രങ്ങൾ ഉപദേശിച്ചുകൊണ്ട് കണ്ടക്ടർ ഡ്രൈവറുടെ സമീപം തന്നെ ഉണ്ടായിരുന്നു. ബസ്സ് ഊരകത്തമ്മ തിരുവടി ക്ഷേത്രത്തിനു അടുത്തെത്താറായി ഊരകം എന്ന അടുത്ത സ്റ്റോപ്പിൽ ആളിറങ്ങാനുണ്ടോ എന്ന് ചുരുക്കത്തിൽ മൂന്നുപ്രാവശ്യം വിളിച്ചു ചൊല്ലി 'ങാ' 'ങാ' എന്നു പറഞ്ഞുകൊണ്ട് ഒരു കോളേജ് കുമാരി സീറ്റിൽ നിന്നും എണീറ്റു. ന്നാ വേഗം ഇറങ്ങ് എന്നു കൽപ്പിച്ചു കൊണ്ട് കണ്ടക്ടർ നീട്ടിവിസിലടിച്ചു. ബസ്സ് നിന്നപ്പോൾ കുമാരി കണ്ണുപൊത്തിപ്പിടിച്ച് ബസ്സിറങ്ങി.

തൃശ്ശൂർ ശക്തൻ ബസ്റ്റാന്റിൽ ബസ്സെത്തി യപ്പോൾ ഞാനും മകളും ബസ്സിറങ്ങി വീട്ടിലേയ്ക്കു പോകാനുള്ള ബസ്സ് ലക്ഷ്യമാക്കി നടന്നു. വഴിക്കുവച്ച് വീട് വാടകയ്ക്കെടുക്കുന്ന കാര്യം സംസാരിച്ചു. എനിക്ക് തൃശ്ശൂർ വൈദ്യുതി ഭവനിലേയ്ക്ക് ജോലിക്കു പോകു വാനും മകൾക്ക് ഇരിങ്ങാലക്കുടയിലേയ്ക്കു പോകുവാനും പാകത്തിൽ തൃശ്ശൂരിനും ഇരിങ്ങാലക്കുടയ്ക്കും ഇടയ്ക്ക് ഒരു വീടെടുക്കാം എന്നു ഞാൻ പറഞ്ഞു. 'അത് ഊരകത്ത് വേണ്ട' എന്നു മകൾ മറുപടി പറഞ്ഞു. കാരണം ചോദിച്ചപ്പോൾ 'ഞാൻ കയറുന്ന ബസ്സ് ചിലപ്പോൾ മത്സരിച്ച് ഓടിയാലോ' എന്നൊരു മറുചോദ്യം ചോദിച്ചു.

✵

# Current and future applications of HPTE insulated cables systems



*Er. Dony C.S*
*Assistant Engineer*

## Summary

HPTE insulated cables represent an attractive alternative to traditional cables insulated with crosslinkable materials. Thanks to a set of advantages, mainly due to the use of thermoplastic PP based insulation, superior performances can be achieved for cables with HPTE insulation. After an important experience in the field of MV cables, now HPTE insulation is being extended to HVAC and HVDC areas.

In the field of HVAC, a cable length (1000 $mm_2$ Cu 150 kV with HPTE insulation) has been installed in the Italian Transmission network and is in service since 2013.

In HVDC important qualifications have been achieved in 320 kV, 350 kV and recently 600 kV voltage class, at high conductor temperature (90°C) and including both VSC and LCC typology. These results have been obtained thanks to an extensive work performed on materials development and technological improvements, for cables and accessories.

This article describes the developments performed and the results achieved, that are very promising especially in view of possible applications of HPTE insulated cables for EHVDC systems.

## 1. Introduction on HPTE insulation technology

The opportunity to develop an insulation technology for MV and HV cables alternative to the well- known and experienced materials like XLPE and HEPR has driven cable manufacturers to investigate in the early 2000s the use of a polyolephin (PP) considered so far not adequate to provide the requested properties of a high performance electrical insulation for cables. Main challenges to overcome in order to demonstrate the feasibility of use of PP based insulation for electrical cables were the following :

- Dielectric properties on cables
- Resistance to electrical ageing
- Resistance to thermo-oxidative ageing
- High stiffness of PP based materials
- Working temperature not adequate in the field of low temperature, due to high fragile temperature of PP.
- Melting temperature of PP materials lower than max short-circuit allowable temperature (250 °C)
- PP morphology and characteristics during the insulation process (extrusion and cooling)

Through the selection of a special polymer blend and the application of an advanced production process, it was possible to overcome the here above mentioned challenges and to finalize the development of the new insulation type, called HPTE, firstly introduced in the MV cables area.

The development of HPTE was based on the selection of polypropylene raw materials that were formulated and compounded in view of application to power cables. Since the excellent electrical properties of polypropylene films are well known, a main goal of the early R&D activity was focused on achieving an adequate material morphology, in consideration of the insulating layer thickness typically used for energy cables.

The selected formulations turned polypropylene into a versatile and high performance insulating material for power cables, both in terms of physic-chemical properties and electrical characteristics. Indeed, the new insulating compound is characterized by good flexibility and very high values of tensile strength and elongation at break together with high thermo-pressure properties.

It must be underlined that, in general, thermoplastic polyolefin lack of these properties all together. Low density polyethylene, for example, needs to be crosslinked to get cables with satisfying thermo-mechanical properties at 90°C as operating temperature, and at 130°C, as overload condition.

From the process perspective, the use of thermoplastic insulation in place of crosslinked versions allows to overcome a series of drawbacks, such as the creation of pre-scorches or ambers in the extrusion apparatus.

Another process advantage of HPTE insulation is related to material filtration. While there are practical limits in filtering crosslinkable polyethylene, due to the possible scorch phenomena, HPTE insulating compound can be filtered much more thoroughly, with advantages in terms of material cleanliness. More efficient filtration is an important advantage, because the presence of contaminating particles in cable insulation, severely affects electrical performances and, in general, cable reliability.

A further and important advantage of HPTE material and processing is that no degassing treatment is required since no crosslinking step is carried out. This zero degassing technology, at the basis of this new cable concept, permits the manufacturing of power cables without the need of extensive and long lasting thermal treatments for the evacuation of crosslinking by-products. Full recyclability of polymeric materials is also a valuable property of this technology, with benefits in terms of carbon foot print. Besides recovering metals such as in other energy cables, all the polymeric layers of these cables, including insulation, can be fully recycled, i.e. used for production of components like fillers applicable to various frameworks.

Finally, in terms of product properties, the new insulation allows to achieve superior thermo - mechanical properties for the cable at temperature significantly higher than other crosslinked materials; the high melting temperature of HPTE insulation opens the possibility to increase the actual temperature limitations of energy cables (70–90 °C) to a further step; this represents an undisputable advantage in the network, either in terms of initial investment or in terms of safety margin of the power transmission/distribution system.

Thanks to the here above listed properties, HPTE insulation has been successfully introduced in MV field in Italy and The Netherlands, and is under discussion in other countries. In particular, in Italy the first 20 kV cable with HPTE insulation was installed in 2006 and is in service since then; so far, about 36000 km (measured like single core) of cables have been installed in Italy.

HPTE technology was successfully introduced also in the Netherlands for MV cables, based on local specification; this includes accelerated ageing test in water that was overcome by HPTE insulated cables with important margin, demonstrating the natural and interesting attitude of the PP based insulation to resist to water treeing phenomena.

Based on the above mentioned properties and achievements, since HPTE is not just a formulation but a technological platform for power cables, this innovative category of material has been taken in consideration for several new applications.

By properly tuning the physic-chemical properties of the ingredients, it was possible to develop and optimize specific HPTE versions for insulation of HVAC or HVDC power cables, without constrains related to residual byproducts. The extremely low level of polar additives makes the formulation especially suitable as insulation of HVDC cables.

## 2. 150 kV experience and feedback from the field

In 2013 an experimental portion of HVAC cable with HPTE insulation was installed in 132 kV link named "Lacchiarella – Vernate T.167", located in north Italy near Milan. A section of about 500 m length has been inserted between two joint bays as a portion of total length of 5080 m. The cable is an 87/150 kV, 1000 $mm^2$ copper conductor, HPTE insulation, welded aluminum sheath and PE outer sheath while rest of the link is composed by 1600 $mm^2$ aluminum conductor, XLPE insulation, copper wire and aluminum composite screen and PE outer sheath.

The junction between the two cable designs (HPTE and XLPE) has been obtained by the use of asymmetric and bi-metallic sectionalized cable joints of "click-fit" type.

The circuit is installed mainly in trefoil formation, directly buried in trench with some road crossings and HDD in plastic pipes and short portions in air at the terminations. From the electrical viewpoint, the system has been divided into 10 sections (9 sections for cross bonding and 1 section for single point bonding). Hereunder figure 1 shows the single line diagram:




Figure 1 – Lacchiarella circuit straight line diagram

Before to put in service the link, an intensive test program was conceived on complete cable system in order to assess the quality of this innovative insulation; in absence of a

specific standard dedicated to HV cables rated at 90°C and insulated with thermoplastic materials, it was decided to carry out the test in accordance to IEC 60840 specifications. Type test, prequalification test procedure according IEC 60840 plus additional thermal cycles according to table 1 have been positively completed.

In order to monitor continuously the partial discharge activity, a permanent system, composed of wireless PD sensors, an electrical feeding device and an acquisition unit has been provided. The sensors have been installed on the cable surface at the transition joints location. These collect and transfer all PD discharge activity signals to the acquisition unit located inside the link box manholes. This last will send wireless all the data to a remote location. The electrical feeding of the unit is guaranteed by a special device installed around one of the three power cables, generating the necessary current value (fig.2).




Figure 2 - PD acquisition system

Table 1 – Sequence of tests performed on 150 kV cable with HPTE insulation

| Test | Results |
|---|---|
| 20 therm. cycles (95°C – 100°C; 174 kV) | No breakdown or flashover |
| 180 therm. cycles (95°C – 100°C; 150 kV) | No breakdown or flashover |
| 20 therm. cycles (100°C – 105°C; 174 kV) | No breakdown or flashover |
| 20 therm. cycles (110°C – 115°C; 174 kV) | No breakdown or flashover |
| 20 therm. cycles (110°C – 115°C; 217 kV) | No breakdown or flashover |

At specified time intervals the system acquires the PD measurements from the six transition joints located on the three phases of the line and the measures are uploaded on a cloud system (fig.3).



Figure 3 - PD acquisition pattern

The link has been running continuously since 2013 and even though the line was not particularly loaded so far (about 35% of nominal current – median value), feedback from field is positive and no issues or PD anomalies were noticed during this period; the good performance was confirmed also by positive results of aforementioned test program.

## 3. Characteristics of HVDC extruded insulation

In recent years, the relatively-new HVDC extruded (polymeric) cable systems have become more and more competitive compared to the traditional mass impregnated non-draining (MIND) HVDC cable systems. Indeed, although the latter have totaled much more service experience, the former have some major advantages, e.g.: they are much more environmentally-friendly as no impregnating fluid is used in the insulation; the maximum permissible conductor temperature in normal operation is higher; splicing is much easier.

For these reasons, extensive and sound R&D activities have brought now the voltage and power ratings of installed HVDC extruded cable systems to the 320 kV and 1000 MW levels, and these levels are expected to increase. This is shown by the 320-kV XLPE-insulated HVDC cable system projects named “Sylwin 1”, “Helwin 2”, “Dolwin 1”, “Dolwin 2”, and “Dolwin 3” linking wind farms in the German North Sea to the mainland and by the 320 kV/ 2000 MW XLPE double bipolar HVDC cable link named “INELFE” between France and Spain. In addition, the “Nemo Link”, a 130 km subsea and 11.5 km land 400 kV/1000 MW XLPE HVDC cable system, is under construction between UK and Belgium.

For an improved design of HVDC extruded cable systems capable of achieving these goals, R&D has followed mainly three routes:

1) As for the converter, improvements in HVDC VSC converter station technology have removed the requirement for polarity reversal on DC systems up to 1000 MW (and expected to increase);
2) As for the cable system, a particular care has been devoted to the accessories (joints and terminations) that are often the weakest points of the whole cable line;
3) As for the cable insulation, the performances of DCXLPE have been dramatically improved with respect to traditional compounds used for AC.

Focusing on this latter aspect, among the various methods followed starting from the early 1980s to develop HVDC cables with polymeric insulation, early research trialed the use of LDPE, XLPE or HDPE without any modification. The poor results obtained led to abandon this strategy and select the so called "DC-XLPE", namely XLPE compounds specifically developed for DC application, first of all by modifying electrical and thermal resistivity of the polymer so as to limit the field inversion phenomenon (the so-called stress inversion free cable). In this framework, space charge build-up in XLPE under DC stress resulted a major concern for its use in HVDC cables. As well known, space charges modify the electric field distribution in the insulation and may lead to local field enhancements that put the long-term reliability of the cable system at risk, especially in the presence of voltage polarity reversals.

Therefore, many different methods for investigating space charge in solid polymeric materials, set up over the last decades have given a fundamental contribution to the realization of present HVDC extruded cable systems. Inherent difficulties - mainly related to thick insulation - make measuring space charge on full-size cables difficult, but recently space charge measurements on full- size HVDC extruded cable loops have been - and are being - used worldwide in qualification tests for HVDC extruded cable link projects. Until 2017 these measurements were based on project-dependent agreements between cable manufacturers and the customers, as an agreed standard procedure was missing. Aiming to fill this gap, in 2015 a protocol for space charge measurement on full-size HVDC extruded cables up to 550 kV during load cycle qualification tests was proposed by the IEEE DEIS HVDC Cable Systems Technical Committee in a dedicated position paper. This protocol was improved and established as a reference IEEE best practice in 2017, when IEEE Standard 1732-2017 was issued. This Standard enables the use of either the Pulse-Electro- Acoustic (PEA) or the Thermal Step Method (TSM) for measuring space charge.

To date, space charge behaviour, electrical resistivity and electrical breakdown stress are deemed as the most important parameters for designing and manufacturing HVDC polymeric cables. Therefore current R&D procedures on HVDC extruded cables are split into three subsequent stages, as follows:

1) "screening" research tests aiming at the selection of 1 or 2 materials/ technologies among a wide range, having limited space charge accumulation and good thermal stability as the main performance indicators. Thus, space charges, electrical resistivity (vs. temperature and electric field), impulse voltage performance under superimposed HVDC are investigated on small size insulating samples representative of the cable system, i.e.: thin films and plaques (insulation thickness 100 ˜m ÷ few mm); cable model "A" (conductor cross-section » few mm2, insulation thickness < 2 mm); cable model "B" (conductor cross-section» 50 mm2, insulation thickness » 4÷5 mm);
2) development tests on a full size cable as a validation of the previous choice, i.e. thermal stability tests, space charge measurements, heating cycles under HVDC, polarity reversal test (if required for the application), superimposed impulse tests. Heating cycles, polarity reversal and superimposed impulse tests should be performed up to breakdown. During heating cycles the space charge behaviour can be monitored;
3) qualification tests, carried out according to CIGRÉ TB 496 or IEC Standard 62895 depending on voltage level and land/submarine application.

For all these reasons, since the early 1990s, R&D on HVDC extruded cable systems aimed at the suppression of space charge build-up in DC-XLPE. As space charges can be either electronic or ionic, and can be either injected from the semiconducting shields or created by cross-linking by-products (i.e. residues of peroxide dissociation) under the action of the electric field, space charge suppression in the polymer is achieved typically by means of the following strategies:

1) modification of the features of the semicon/ insulation interfaces so as to reduce charge injection from semicons, e.g. by: changing the composition of semicons themselves; changing the electrical properties of XLPE surface so as to control space charge behaviour and injection from semicons;
2) reduction of the peroxide content in DC-XLPE crosslinking;
3) stronger and longer degassing treatments after crosslinking for DC-XLPE vs. AC-XLPE cables;

